**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത**<br>**ചോദ്യം നം.5040** | **23-03-2018 ലെ**<br>**മറുപടി** |

## മങ്കട മണ്ഡലത്തിൽ ജലലഭ്യത ഉറപ്പാക്കാൻ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | വരൾച്ചാ കാലം മുന്നിൽക്കണ്ട് ജലലഭ്യത ഉറപ്പാക്കുന്നതിന് ഇറിഗേഷൻ വകുപ്പും കേരള വാട്ടർ അതോറിറ്റിയും മങ്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | **<u>ജലസേചന വകുപ്പ്</u>**<br>വിവിധ കുളങ്ങളുടെയും, തോടുകളുടെയും പുനരുദ്ധാരണം വഴി സുസ്ഥിരമായ ജലസംരക്ഷണത്തിനുള്ള പദ്ധതികൾ ഹരിതകേരള മിഷന്റെ ജലഉപമിഷനിൽ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ സമഗ്രമായ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അഞ്ച് കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഹരിതകേരളം ഹെഡിൽ ഭരണാനുമതി നൽകിപ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. മൂർക്കനാട് പഞ്ചായത്തിലെ മോത്തിക്കടവത്ത് കുന്തപ്പുഴയ്ക്ക് കുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനും കൂട്ടിലങ്ങാടി പഞ്ചായത്തിൽ ആനപ്പാറ ചെട്ടിയമ്മൽ കടവിനു സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ വിയറിന്റെ നിർമ്മാണത്തിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മങ്കട നിയോജക മണ്ഡലം എം.എൽ.എ.യുടെ 2017-18 ലെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് മക്കരപ്പറമ്പ് പഞ്ചായത്തിൽ വടക്കാങ്ങരയിൽ വലിയതോടിന് കുറുകെ ഒരു വി.സി.ബി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**<u>കേരള ജല അതോറിറ്റി</u>**<br>കുന്തപ്പുഴയിൽ മൂർക്കനാട് പദ്ധതിയുടെ സ്രോതസ്സിനായി നിലാപ്പറമ്പ് കടവിൽ താൽക്കാലിക തടയണയും മക്കരപ്പറമ്പ് ചെറുപുഴയിൽ സ്ഥിരം തടയണയിൽ പലക സ്ഥാപിച്ചും ആവശ്യമായ ജലം സംഭരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരിക്കാൻ ബാക്കിയുള്ള മങ്കട, കൂട്ടിലങ്ങാടി പഞ്ചായത്തുകളിലെ വിതരണ ശൃംഖലകളുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജല ലഭ്യതയ്ക്കായി മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ